**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734** **24-08-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ ബാങ്ക് ക്രമക്കേടിന് ഇരയായ നിക്ഷേപകർക്ക് ഒരു വർഷം പിന്നിടുമ്പോഴും പണം തിരിച്ചുകൊടുക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടിനെ തുടർന്ന് ബാങ്ക് സാമ്പത്തിക പ്രതിസന്ധിയിലായതി നാലാണ് നിക്ഷേപ തുക പൂർണ്ണമായും തിരികെ നൽകാൻ സാധിക്കാതെ വന്നത്. എന്നിരുന്നാലും നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചാർജ്ജ് എടുത്ത ശേഷം 42.76 കോടി രൂപ നിക്ഷേപർക്ക് തിരികെ നൽകിയിട്ടുണ്ട്. |
| (ബി) | ക്രമക്കേട് നടത്തിയ ജീവനക്കാരുടെയും ഇടനിലക്കാരുടെയും ബാങ്ക് ഭരണസമിതിയംഗങ്ങളുടെയും സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ക്രൈം ബ്രാഞ്ച് നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ **Criminal Law Amendment Ordinance 1944** പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ രജിസ്ട്രാർ, ജില്ലാ ഗവ.പ്ലീഡർ, ജില്ലാ പോലീസ് മേധാവി, ക്രൈം ബ്രാഞ്ച് അധികാരികൾ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) എന്നിവരുടെ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരുടെ സ്വത്തുകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | തട്ടിപ്പ് കണ്ടെത്തുന്നതിലെ വീഴ്ചയുടെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ട സഹകരണ ഉദ്യോഗസ്ഥരെ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് അന്വേഷണത്തിന്റെ കണ്ടെത്തലിന്റെ ഭാഗമായാണ് ഇവരെ തിരിച്ചെടുത്തതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | (സി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന് സസ്പെൻഡ് ചെയ്യപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ 18.06.2022 ലെ സ.ഉ(സാധാ)417/2022/സഹ നമ്പർ സർക്കാർ ഉത്തരവു പ്രകാരം സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും |

| | | | |
|---|---|---|---|
| | | | നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) (ബി) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) ശ്രീ.ജോതി പ്രസാദ്.ആർ-നെ 07.04.2022തീയതിയിലെ സ.ഉ(സാധാ)246/2022/ സഹ.നമ്പർ സർക്കാർ ഉത്തരവു പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ടിയാൻ 08/06/2022 തീയതിയിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത അന്വേഷണം പൂർത്തിയായ സാഹചര്യത്തിലാണ് ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചത്. |
| (ഡി) | തിരിച്ചുകിട്ടാനുള്ള വായ്പകൾ തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ? | (ഡി) | കുടിശ്ശികയായ വായ്പകളിൽ സ്പെഷ്യൽ സെയിൽ ആഫീസറുടെ സൗജന്യ സേവനം ഉപയോഗപ്പെടുത്തി ARC, EP നടപടികളിലൂടെ വായ്പ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ